**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം, 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 23.10.2025

**ഓവർലോഡ് വാഹനങ്ങൾക്ക്, വാഹന പരിശോധനാ വിവരം മുൻകൂട്ടി അറിയിക്കുന്നതിന് കൈക്കൂലി വാങ്ങിയ കൽപ്പറ്റ ആർ.റ്റി.ഒ ഡ്രൈവറെ വിജിലൻസ് കോടതി 7 വർഷം കഠിന തടവിന് ശിക്ഷിച്ചു.**

ഓവർലോഡ് വാഹനങ്ങൾക്ക് ഫൈൻ ഈടാക്കുന്നതിന് വേണ്ടി മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന വാഹന പരിശോധനാ വിവരം മുൻകൂട്ടി വാഹന ഉടമകളെ അറിയിക്കുന്നതിന് വാഹന ഉടമയിൽ നിന്നും 20000/- രൂപ കൈക്കൂലി വാങ്ങിയതിന് കോഴിക്കോട് ഉത്തര മേഘലാ വിജിലൻസ് യൂണിറ്റ് കൈയ്യോടെ പിടികൂടി രജിസ്റ്റർ ചെയ്ത കേസിൽ കൽപ്പറ്റ ആർ.റ്റി. ഓഫീസിലെ ഡ്രൈവർ ബാലൻ.കെ.എ കുറ്റക്കാരനാണെന്ന് കോഴിക്കോട് വിജിലൻസ് കോടതി കണ്ടെത്തി, വിവിധ വകുപ്പുകളിലായി 7 വർഷം കഠിന തടവിനും അൻപതിനായിരം രൂപ പിഴ ഈടാക്കുന്നതിനും ഇന്ന് (23.10.2025) ശിക്ഷിച്ചു.

2017-ൽ ഈ കേസിലെ പരാതിക്കാരൻ മാനേജിംഗ് പാർട്ട്ണറായ കമ്പനിയുടെ ഉടമസ്ഥതയിലുള്ളതും കമ്പനി വാടകയ്ക്കെടുത്തതുമായ കണ്ടെയ്നർ ലോറികൾ കൊച്ചിൻ വല്ലാർപ്പാടം ടെർമിനലിൽ നിന്നും 'ഫ്ലോറിംഗ് ടൈൽസ്' എടുത്ത് വയനാട് ജില്ലയിലുള്ള വിവിധ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിരുന്നു. ഇതേ വർഷം കൽപ്പറ്റ ആർ.റ്റി. ഓഫീസിൽ ഡ്രൈവറായിരുന്ന ബാലൻ.കെ.എ ഓവർ ലോഡ് പരിശോധനയിൽ ഈടാക്കുന്ന ഫൈൻ ഒഴിവാക്കി കിട്ടുന്നതിന് മോട്ടോർ വാഹന വകുപ്പിന്റെ വാഹന പരിശോധനാ വിവരം മുൻകൂട്ടി നൽകുന്നതിന് പരാതിക്കാരനിൽ നിന്നും 20,000/- രൂപ കൈക്കൂലി വാങ്ങവെ വിജിലൻസ് കൈയ്യോടെ പിടികൂടി കേസ് രജിസ്റ്റർ ചെയ്ത് അന്തിമ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഈ കേസിലാണ് കൽപ്പറ്റ ആർ.റ്റി. ഓഫീസിലെ ഡ്രൈവറായ ബാലൻ.കെ.എ കുറ്റക്കാരനാണെന്ന് കോഴിക്കോട് വിജിലൻസ് കോടതി കണ്ടെത്തി, വിവിധ വകുപ്പുകളിലായി ആകെ 7 വർഷത്തെ കഠിന തടവിനും അൻപതിനായിരം രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷ വിധിച്ചത്. ശിക്ഷ ഒരുമിച്ച് അനുഭവിച്ചാൽ മതിയെന്നും വിധിന്യായത്തിൽ പറയുന്നു. ശിക്ഷിച്ച പ്രതിയെ കോഴിക്കോട് ജില്ലാ ജയിലിലടച്ചു. കോഴിക്കോട് വിജിലൻസ് ജഡ്ജ് ശ്രീ. ഷിബു തോമസ് ആണ് വിധി പുറപ്പെടുവിച്ചത്. വിജിലൻസിന് വേണ്ടി

പബ്ലിക് പ്രോസിക്യൂട്ടർമാരായ ശ്രീ .ലിജീഷ്, ശ്രീ. അരുൺനാഥ് എന്നിവർ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.